II ഇ.ബി.XIV-കേരള നിയമസഭ/XI-6

**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ജൂൺ 11, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

18 (*151) നിപ വൈറസ് ബാധ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, 20.05.2018-നാണ് നിപ വൈറസ് ബാധ സ്ഥിരീകരിച്ചതെന്നും 17.05.2018-ന് രോഗികളെ ആശുപത്രിയിൽ അഡ്മിറ്റാക്കിയ അന്നുതന്നെ സ്രവം മണിപ്പാൽ വൈറസ് റിസർച്ച് സെന്ററിൽ പരിശോധനയ്ക്കയച്ചുവെന്നും നിലവിൽ നിപ വൈറസ് വ്യാപനം നിയന്ത്രണവിധേയമാണെന്നും സഭയെ അറിയിച്ചു. രോഗലക്ഷണം

ഗുരുതരമായി പ്രത്യക്ഷപ്പെടുന്ന സന്ദർഭത്തിൽ മാത്രമേ നിപ വൈറസ് ബാധ കണ്ടെത്താൻ സാധിക്കുവെന്നും ഇതിന്റെ ഉറവിടം കണ്ടെത്താനായി വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘം പരിശോധന തുടരുകയാണെന്നും വൈറസ് ബാധയെത്തുടർന്ന് സോഷ്യൽ മീഡിയയിലൂടെ തെറ്റായ പ്രചരണം നടത്തിയ 26 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മുഖ്യമന്ത്രി മുൻകയ്യെടുത്ത് സംസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും ദ്രുതഗതിയിൽ പടരുന്ന രോഗങ്ങൾ ചികിത്സിക്കുന്നതിന് മെഡിക്കൽ കോളേജുകളിലും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും സ്ഥിരമായി ഐസൊലേഷൻ വാർഡ് സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള ലാബുകളെ ബി.എസ്.എൽ.3 നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പകർച്ചവ്യാധികൾ സംബന്ധിച്ച ബോധവത്കരണം ശക്തിപ്പെടുത്തുമെന്നും വ്യാജ ചികിത്സ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 (*152) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സ്വമേധയായുള്ള അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 'മൃതസഞ്ജീവനി' പദ്ധതി വഴി സംസ്ഥാനത്തുടനീളം ബോധവത്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചുവരികയാണെന്നും അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്രവും വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജീവിച്ചിരിക്കുന്നവരുടെ ഇടയിലുള്ള അവയവദാനത്തിന് വരുന്ന കാലതാമസം ഒഴിവാക്കാനുള്ള ശാസ്ത്രീയ മാർഗ്ഗത്തെക്കുറിച്ച് പരിശോധിച്ചുവരികയാണ്. മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുമായി ജില്ലാ തലത്തിൽ നോഡൽ ഓഫീസർമാരെ നിയമിക്കുകയും അവയവ ദാനത്തിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാകുകയാണെങ്കിൽ നിയമം ലഘൂകരിക്കുന്ന കാര്യം ആലോചിക്കുന്നതുമാണ്. നിർധനരായ ആളുകളുടെ അവയവ ദാനത്തിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന കൊടുത്തുവരുന്നുണ്ടെന്നും അവയവദാതാവിനും സ്വീകർത്താവിനും തുടർ ചികിത്സാ സഹായവും അവയവദാതാവിന് ആജീവനാന്ത സൗജന്യ ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കിഡ്നി, ലിവർ ട്രാൻസ്പ്ലാന്റേഷനുകളുടെ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കാൻ ശ്രമിക്കുന്നത് കൂടാതെ പരിശോധനാ സമിതികളിലെ കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കരൾമാറ്റ ശസ്ത്രക്രിയാ യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതും ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഹൃദയം കൊണ്ടുപോകുന്നതിന് എയർ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതുമാണ്. അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിനായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികളിലെ വമ്പിച്ച ചികിത്സാച്ചെലവിന് മാറ്റമുണ്ടാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സർക്കാർ മെഡിക്കൽ കോളേജുകളിൽ

ചുരുങ്ങിയ ചെലവിലും കുറ്റമറ്റരീതിയിലും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും ഗവൺമെന്റ് ഉത്തരവിന്റെ ഭാഗമായി അവയവദാനത്തിൽ തടസ്സമോ കാലതാമസമോ വരുന്നുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

20 (*153) <u>ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400 ഓളം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രത്യേക സജ്ജീകരണങ്ങളും പരിശോധനാ സൗകര്യങ്ങളുള്ള ലബോറട്ടറിയും സ്ഥാപിച്ചിട്ടുണ്ടെന്നും ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി ശ്വാസ് പദ്ധതിയും മാനസികാരോഗ്യ ചികിത്സയ്ക്കായി ആശ്വാസ് പദ്ധതിയും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രമേഹവും രക്താതി സമ്മർദ്ദവും ചികിത്സിക്കുന്നതിനാവശ്യമായ ചികിത്സാ പ്രോട്ടോകോളും

അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന മൊഡ്യൂളുകളും തയ്യാറാക്കുന്നതിന് WHO സാങ്കേതിക സഹായം നൽകിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. 'ആർദ്രം' മിഷനിലൂടെ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ രോഗപ്രതിരോധം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള പ്രചരണത്തിന്റെ ഭാഗമായി യോഗ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന തെരഞ്ഞെടുത്ത മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനിച്ചതിലൂടെയും രക്താതി സമ്മർദ്ദവും പ്രമേഹവും പരിശോധിക്കുന്നതിന് പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തിയതിലൂടെയും മരുന്നുലോബികളെ നിയന്ത്രിക്കാൻ കഴിയുന്നതാണ്. ജുവനൈൽ ഡയബെറ്റിസ് ബാധിച്ച കുട്ടികൾക്ക് ഇൻസുലിൻ പമ്പും മോണിറ്ററിംഗിനാവശ്യമായ ഉപകരണവും നൽകുന്നതിനാണ് 'മിഠായി' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഡയബറ്റിക് റെറ്റിനോപ്പതി പരിശോധനയ്ക്കായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണെന്നും ഡയബറ്റിക് അൾസർ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ ആശുപത്രികളിലടക്കം

ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണെന്നും കൊളസ്ട്രോൾ, ബ്ലഡ് ഷുഗർ, ബ്ലഡ് പ്രഷർ എന്നിവയുടെ പരിധി നിശ്ചയിച്ചിരിക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണെന്നും ഫാമിലി ഹെൽത്ത് സെന്ററിലൂടെ ഓരോ കുടുംബത്തിന്റെയും ഭക്ഷണ രീതി പരിശോധിച്ച് ഉപദേശ/നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. രോഗപ്രതിരോധവുമായി ബന്ധപ്പെട്ട പ്രചരണം സ്കൂൾതലത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണെന്നും എച്ച്.എം.സി. മീറ്റിംഗുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംസ്ഥാനത്ത് ഒരു നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണെന്നും വർക്കലയിലെ നാച്ചുറോപ്പതി ആശുപത്രി മെച്ചപ്പെടുത്താനാവശ്യമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1947 മുതൽ 2276 വരെയുള്ള ചോദ്യങ്ങളിൽ 87 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)